ജലനിധി :

ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബാച്ച്-1-ൽ ഉൾപ്പെട്ടത്തി എലവള്ളി ഗ്രാമപഞ്ചായത്തിൽ ഒരു ബൃഹത് കുടിവെള്ള പദ്ധതിക്ക് 10.70 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് സംസ്ഥാന സർക്കാർ, ഗ്രാമപഞ്ചായത്ത്, പദ്ധതി ഗുണഭോക്താക്കൾ എന്നിവർ 75:15:10 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. പദ്ധതി ഇപ്പോൾ പൂർത്തീകരണഘട്ടത്തിലാണ്.

വാമനപുരം നിയോജകമണ്ഡലത്തിലെ പുതിയ ഇറിഗേഷൻ പ്രവൃത്തികൾ

187 (876) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇവയ്ക്ക് ഓരോന്നിനും ചെലവാക്കിയ തുക എത്രവീതമാണെന്ന് വിശദമാക്കുമോ ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പരിഗണനയിലുള്ള പുതിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പരിഗണനയിലുള്ള പുതിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് നിർമ്മാണം

188 (877) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് നിർമ്മാണവും സൈഡ് ഭിത്തി നിർമ്മാണവും സംബന്ധിച്ച് നിവേദനം ലഭ്യമായിരുന്നോ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാർഷിക സംരക്ഷണ സമിതി കിഴക്കുംഭാഗം; പിണറായി, പ്രസിഡന്റ് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് എന്നിവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) 2011-ൽ ആർ.ഐ.ഡി.എഫ്. 16-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരൻ 34% അധികം ക്വാട്ട് ചെയ്തെങ്കിലും 5% അധികം അംഗീകരിച്ച് ടെണ്ടർ ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായില്ല. വീണ്ടും 2012 നിരക്കുപ്രകാരം 70.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിനുശേഷം പല പ്രാവശ്യം ടെണ്ടർ ചെയ്തു. കരാറുകാർ ആരും വരാത്തതിനാൽ ക്വട്ടേഷൻ വിളിക്കുകയും ഒരു കരാറുകാരൻ 49.50% അധികം ക്വാട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തുക ചെലവഴിച്ചിട്ടില്ല.

സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമുള്ള കുളങ്ങളും ജലസംഭരണികളും

189 (878) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 വരെയുള്ള കണക്കുകൾ പ്രകാരം സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമായി ചെറുതും വലുതുമായ എത്ര കുളങ്ങളും ജലസംഭരണികളും ഉണ്ട് ;

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആദ്യപടിയായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly